മണ്ഡരി രോഗ നിവാരണ നടപടികൾ

120(1946) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗ നിവാരണത്തിനായുള്ള മരുന്ന് തളി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഘട്ടം മരുന്നു തളി പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾക്ക് ശരാശരി എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് അദ്യ ഘട്ടം മരുന്നുതളിക്കാണോ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) മരുന്നുതളി നടപ്പാക്കുന്നതിൽ കൃഷി ഓഫീസുകൾ മേൽനോട്ടം വഹിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പനവൂർ, ആനാട്, കുറ്റിച്ചൽ, ഉഴമലക്കൽ, വാമനപുരം, കല്ലറ, പാങ്ങോട്, നന്ദിയോട്, അഞ്ചുതെങ്ങ്, വെട്ടൂർ, ഇടവ, ഇലകമൺ, കിളിമാനൂർ, പഴയകുന്നുമ്മൽ, നഗരൂർ, മടവൂർ, പള്ളിക്കൽ, കരവാരം, നാവായിക്കുളം, പുളിമാത്ത് എന്നീ പഞ്ചായത്തുകളും വർക്കല മുനിസിപ്പാലിറ്റിയും മരുന്നു തളി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒന്നാംഘട്ടം പൂർത്തിയാക്കി വരുന്നു.

(സി) ആദ്യഘട്ട മരുന്നു തളിയ്ക്കായിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. ഓരോ പഞ്ചായത്തിലും ആവശ്യാനുസരണം തെങ്ങുകളുടെ എണ്ണം അനുസരിച്ച് തുക അനുവദിച്ചിട്ടുണ്ട്. വിതരണം നടത്തിയ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

മണ്ഡരി രോഗനിവാരണത്തിന് സർക്കാർ നൽകുന്ന തുക

121 (1947) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗ നിവാരണത്തിനായി സർക്കാർ നൽകുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണോ കൃഷി ഓഫീസുകൾക്കാണോ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള കൃഷി ഓഫീസുകൾക്ക് ഇക്കാര്യത്തിലുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി ഓഫീസുകൾ വഴിയാണ് തുക നൽകുന്നത്.

(ബി) മരുന്നുതളി പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമാണ്. ഗ്രാമ പഞ്ചായത്തു തലത്തിൽ മരുന്നുതളിക്ക് മുന്നോടിയായി എം.പി., എം.എൽ.എ.മാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾ, സഹകരണ സ്ഥാപന പ്രതിനിധികൾ, വിവിധ ഉൽപ്പാദനോപാധികളുടെ വിതരണ ഏജൻസികൾ എന്നിവയുടെ യോഗം ചേർന്ന് കർമ്മ പരിപാടി തയ്യാറാക്കിയാണ് മരുന്നു തളി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ പഞ്ചായത്തിലും വാർഡുതല സന്നദ്ധസംഘങ്ങൾ സ്ക്വാഡുകൾ കേര സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്നു തളിക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ വാർഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ചുമതലയാണ്. ഓരോ പഞ്ചായത്തിലേയും ബന്ധപ്പെട്ട കൃഷി ഓഫീസർ സ്പ്രേയിങ്ങിന്റെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതാണ്. ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്കിലെ മരുന്നു തളി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

കർഷകർക്ക് വിത്തിനങ്ങൾ നൽകാൻ നടപടി

122(1948)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് ഗുണനിലവാരമുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ വിത്തിനങ്ങൾ നൽകുന്നതിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) ഇത്തരത്തിൽപ്പെട്ട എത്രമാത്രം വിത്ത് സംസ്ഥാനത്തിന്റെ ആവശ്യത്തിനുവേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കർഷകർക്ക് ഗുണനിലവാരമുള്ള വിത്തു നൽകുന്നതിലേക്കായി ആവർത്തന വിളകൾക്കുവേണ്ടി നടീൽ വസ്തുക്കളുടെ ഉൽപ്പാദനം എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിവഴി അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് കിലോയ്ക്ക് 13 രൂപ നിരക്കിൽ നൽകുന്നു. ഒരു ഹെക്ടറിന് 1000 കിലോ വിത്തുൽപ്പാദിപ്പിക്കുന്ന കർഷകന് 1000 രൂപ സഹായമായി നൽകുന്നു. കൂടാതെ മിനി കിറ്റ് ആയി പുതിയ ഇനം നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകുന്നു.

(ബി) ആകെ വേണ്ട വിത്തിന്റെ 10 ശതമാനമായ 30,000 ക്വിന്റൽ.

(സി) ഇത്തരത്തിൽ 30,000 ക്വിന്റൽ നെൽവിത്ത് ആവശ്യമായത് സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം വഴിയും, "ആവർത്തന വിളകൾക്കു വേണ്ട നടീൽ വസ്തുക്കളുടെ ഉൽപ്പാദനം" എന്ന പദ്ധതി വഴിയും ലഭ്യമാക്കുന്നു. 1000 ക്വിന്റലോളം വിത്തുൽപ്പാദന കേന്ദ്രം വഴിയും ബാക്കി പദ്ധതി വഴിയും നാഷണൽ സീഡ് കോർപ്പറേഷൻ വഴിയും ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly